(ബി) അലങ്കാര മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് സ്ത്രീകളുടെ സ്വാശ്രയ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ :

(സി) ഈ ഗ്രൂപ്പുകൾക്ക് ടാങ്കുകൾ നിർമ്മിക്കുന്നതിനും ഗുണമേന്മയുള്ള മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനും ആവശ്യമായ സഹായങ്ങൾ നൽകുമോ :

(ഡി) കേരളത്തിൽ നിന്നും അലങ്കാര മത്സ്യകയറ്റുമതിക്ക് ഏതെല്ലാം രാജ്യങ്ങളുമായി വ്യാപാര നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അലങ്കാര മത്സ്യക്കയറ്റുമതിയും കൂടാതെ അലങ്കാര മത്സ്യ ഉൽപാദനത്തിനായി സാറ്റലൈറ്റ് ഫാമുകൾ, ഹോംസ്റ്റെഡ് ഫാമുകൾ എന്നിവ ആരംഭിക്കുന്നതിനായി സാങ്കേതിക ജോലികളും ഏറ്റെടുത്ത് നടത്തി വരുന്നു.

(ബി) സ്വാശ്രയ ഗ്രൂപ്പുകളിൽപ്പെട്ട സ്ത്രീകൾക്ക് ഒരു കുടുംബത്തിൽ ഒരു യൂണിറ്റ് എന്നതാണ് പദ്ധതി. ഒരു യൂണിറ്റ് തുടങ്ങാൻ 1 ലക്ഷം രൂപ മൂലധന ചെലവ് വരും. ഇതിൽ 50,000 രൂപ ഗവൺമെന്റ് സബ്സിഡിയായി നൽകുന്നു. വ്യക്തികൾക്ക് 25,000 രൂപയും സബ്സിഡിയായി നൽകി വരുന്നു. ഇവർക്ക് സ്റ്റൈപ്പന്റോടുകൂടി 4 ദിവസത്തെ പരിശീലനം നൽകി വരുന്നു.

(സി) ആവശ്യമായ സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ നൽകും. പണി പൂർത്തിയായ യൂണിറ്റുകൾക്ക്, ഗുണമേന്മയുള്ള മത്സ്യ കുഞ്ഞുങ്ങളെ നൽകി വരുന്നു.

(ഡി) പ്രധാനമായും യു.എസ്.എ, യൂറോപ്പ്, ദുബായ് എന്നീ രാജ്യങ്ങളുമായി വ്യാപാര നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പ്രധാന തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി തീർത്ഥാടന ടൂറിസം

239 (1997) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. മുരളി :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ദേവസ്വം ബോർഡിന്റെ കീഴിൽ ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ തീർത്ഥാടന ടൂറിസം വികസിപ്പിക്കാൻ സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ :

(ബി) എങ്കിൽ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഏതൊക്കെ തീർത്ഥാടന കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തിയാണ് ഈ പദ്ധതി തയ്യാറാക്കിയിട്ടുള്ളത് :

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 8-9-2010-ൽ അഡീഷണൽ ചീഫ് സെക്രട്ടറി വിളിച്ചു ചേർത്ത യോഗത്തിൽ തീർത്ഥാടന ടൂറിസവുമായി ബന്ധപ്പെട്ട് ഓരോ ദേവസ്വം ബോർഡും/ദേവസ്വവും അതാത് ദേവസ്വങ്ങളുടെ കീഴിൽ തീർത്ഥാടന പ്രാധാന്യമുള്ളതും അടുത്തടുത്ത് സ്ഥിതി ചെയ്യുന്നതുമായ കുറച്ചുക്ഷേത്രങ്ങളുടെ ഒന്നോ ഒന്നിലധികമോ സർക്യൂട്ടുകൾ കണ്ടെത്തി പ്രോജക്ട് തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ ദേവസ്വം ബോർഡുകൾ/ ദേവസ്വങ്ങൾ പിൽഗ്രിം സർക്യൂട്ടുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പിൽഗ്രിം സർക്യൂട്ടുകൾ രൂപപ്പെടുത്തുന്ന നടപടികൾ പുരോഗമിച്ചു വരുന്നേതയുള്ളൂ. പലതും കരട് രൂപത്തിലാണ്. ഇതിന് അന്തിമ രൂപമായിട്ടില്ല.

(സി) മലബാർ ദേവസ്വം ബോർഡ് ബന്ധപ്പെട്ട ഡിവിഷൻ അസിസ്റ്റന്റ് കമ്മീഷണർമാർ നൽകിയ പ്രൊപ്പോസലുകൾ പരിശോധിച്ചുവരികയാണ്. മറ്റു ദേവസ്വം ബോർഡുകളിലെ ഇതു സംബന്ധിച്ച പ്രവർത്തനം ആരംഭദിശയിലാണ്.

ശബരിമലയിൽ ആവശ്യമായ അരവണ ടിന്നുകൾ ശേഖരിക്കുന്നതിൽ വന്ന വീഴ്ച

240 (1958) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിലെ ഈ വർഷത്തെ തീർത്ഥാടനകാലത്ത് ആവശ്യമായ അരവണ ടിന്നുകൾ ശേഖരിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ ;

(ബി) ഈ സീസണിൽ അരവണ വിതരണത്തിനുപയോഗിക്കാനുള്ള കണ്ടെയ്നറുകൾ ഗുണനിലവാരമില്ലാത്തതിനാൽ തിരിച്ചയയ്ക്കേണ്ടതായി വന്നിട്ടുണ്ടോ ;

(സി) ഏതു കമ്പനി നൽകിയ കണ്ടെയ്നറുകളാണ് ഇങ്ങനെ ഗുണനിലവാരമില്ലാത്തതിനാൽ നിരസിക്കേണ്ടി വന്നത് ;

(ഡി) ആകെ എത്ര കണ്ടെയ്നറുകളാണ് ഇത്തരത്തിൽ നിരസിച്ചത് ;

(ഇ) കണ്ടെയ്നർ ക്ഷാമംമൂലം അരവണ വിതരണം തടസ്സപ്പെടാതിരിക്കാൻ എന്തൊക്കെ ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) നോയിഡയിലുള്ള മോത്തി അഡ്ഹിസിവ്സ് ന്യൂഡൽഹിയിലുള്ള മോത്തി പാക്കേജിംഗ് എന്നീ കമ്പനികൾ സപ്ലൈ ചെയ്തവയാണ് നിരസിക്കേണ്ടി വന്നത്.

LIBRARY ARCHIVES Kerala Legislative Assembly